(സി) ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിർവ്വഹണ ഏജൻസിയുമായും ഉദ്യോഗസ്ഥരുമായും ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

പട്ടുവം മുതുകുട കോളനി നവീകരണം

21 (327) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 സാമ്പത്തിക വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കല്ലിശ്ശേരി മണ്ഡലത്തിലെ പട്ടുവം മുതുകുട കോളനിയുടെ നവീകരണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായിട്ടുള്ള അന്തിമ കർമ്മ പദ്ധതിക്ക് രൂപം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

22 (328) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പ്രവൃത്തികൾ അനുവദിച്ചിട്ടില്ല.

(ബി) അനുവദിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly